# ലത്തീൻ കത്തോലിക്കാസമുദായദിനം

## 2018 ഡിസംബർ 9

'ഒരു സഭയും ഒരു സമുദായവും' എന്ന ലക്ഷ്യത്തിലേക്ക് വളരാനായി വിശുദ്ധ ഫ്രാൻസിസ് സേവ്യറിന്റെ തിരുനാൾ കഴിഞ്ഞുവരുന്ന ഞായർ കേരള ലത്തീൻ കത്തോലിക്കർ സമുദായദിന മായി ആഘോഷിക്കുകയാണല്ലോ. ഈ വർഷം 2018 ഡിസംബർ 9-നാണ് സമുദായദിനാച രണം. സംസ്ഥാനതല ആഘോഷങ്ങൾക്ക് തിരുവനന്തപുരം ലത്തീൻ അതിരൂപതയാണ് ആതി ഥേയത്വം വഹിക്കുന്നത്. ഇതോടൊപ്പം എല്ലാ രൂപതകളിലും ഇടവകകളിലും തനതായ ആഘോഷങ്ങൾ സംഘടിപ്പിക്കേണ്ടതാണ്. സമുദായദിനാചരണത്തിലൂടെ സഭയ്ക്കും സമൂഹ ത്തിനും നന്മ പ്രദാനം ചെയ്യാനായി യത്നിക്കുന്ന എല്ലാവർക്കും ദൈവാനുഗ്രഹം നേരുകയും ആശംസകൾ അർപ്പിക്കുകയും ചെയ്യുന്നു.

2017-ൽ വല്ലാർപാടത്തുനടന്ന മിഷൻ കോൺഗ്രസ്സിന്റെയും ബിസിസി കൺവെൻഷന്റെയും തുടർപ്രവർത്തനങ്ങളാണ് നാമിപ്പോൾ നടത്തിക്കൊണ്ടിരിക്കുന്നത്. 'മിഷൻ' ദൈവത്തിന്റെ വിളിയായും ബിസിസി അതിനുള്ള പ്രത്യുത്തരമായും സ്വീകരിച്ചുകൊണ്ട് മുന്നോട്ടുപോകാ നാണ് നാം തീരുമാനിച്ചിട്ടുള്ളത്. അതനുസരിച്ച് തയ്യാറാക്കിയ ദശവത്സരകർമ്മപദ്ധതിയുമായി വിവിധ ശുശ്രൂഷാസമിതികളും കമ്മീഷനുകളും പ്രവർത്തനനിരതമാണ്. 'മിഷൻ ക്രോസ്' തീർത്ഥാടനം വഴി കേരളത്തിലെ 12 ലത്തീൻ കത്തോലിക്കാ രൂപതകളിലും പുതിയ മിഷൻ ചൈതന്യം രൂപപ്പെടുകയും 'ഹാർട്ട് ടു ഹാർട്ട്' പദ്ധതിയിലൂടെ ഓരോ രൂപതയും കേരളത്തിന് പുറത്തുള്ള ഒരു രൂപതയുമായി മിഷൻ ബന്ധം സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ഇക്കഴിഞ്ഞ ഒക്ടോബർ 5, 6 തീയതികളിൽ മിഷൻ കോൺഗ്രസ്സിന്റെ തുടർപ്രവർത്തനങ്ങൾ വിലയിരു ത്തുന്ന ഒരു മിനി ലിവിംഗ് ഇൻ ടുഗദെർ ആലുവ കാർമ്മൽഗിരി സെമിനാരിയിൽ നടത്തുകയു ണ്ടായി. ഇവയെല്ലാം സഭയെക്കുറിച്ചും സമുദായത്തെക്കുറിച്ചും കൂടുതൽ പ്രതീക്ഷ പകരുന്ന കാര്യങ്ങളാണ്. ഒപ്പം ഇനിയും ഏറെക്കാര്യങ്ങൾ എല്ലാവരുടെയും ഒത്തൊരുമയോടുള്ള പ്രവർത്തനങ്ങൾ വഴി നാം നേടിയെടുക്കേണ്ടതുണ്ട്. ഈ പശ്ചാത്തലത്തിലാണ് നാം ഈ വർഷത്തെ സമുദായദിനാഘോഷത്തിന് ഒരുങ്ങുന്നത്.

2017 നവംബർ 29 ന് ആഞ്ഞടിച്ച ഓഖി ചുഴലിക്കാറ്റ് തീരത്തെയും അവിടെ തിങ്ങിപ്പാർക്കുന്ന ജനങ്ങളെയും തകർത്തെറിയുകയുണ്ടായി. അവരുടെ മുറിവുണക്കാനും ജീവിതം പടുത്തു യർത്തുവാനുള്ള ശ്രമങ്ങൾക്കിടയിലാണല്ലോ കേരളത്തിലെ 10 ജില്ലകളെ ദുരിതത്തിലാക്കിയ ജലപ്രളയമുണ്ടായത്. ദുരിതബാധിതരെ രക്ഷിക്കുവാനും പുനരധിവസിപ്പിക്കുവാനും നമ്മളെ ല്ലാവരും പ്രത്യേകിച്ച് മത്സ്യത്തൊഴിലാളികൾ നടത്തിയ ധീരോദാത്തമായ പ്രവർത്തനങ്ങൾ സമൂഹം അംഗീകരിച്ചതാണ്. സംസ്ഥാനസർക്കാരിന്റെ കണക്കുകൾ പറയുന്നത് 65000 പേരുടെ ജീവൻരക്ഷിക്കാൻ മത്സ്യത്തൊഴിലാളികൾക്ക് കഴിഞ്ഞുവെന്നാണ്. ഇതു നമ്മെ സംബന്ധിച്ചിട ത്തോളം അഭിമാനകരമായ കാര്യമാണ്. അധികാരികളുടെ തുടർച്ചയായ തിരസ്കാരവും അവ ഗണനയും കാരണം വികസനത്തിന്റെ സദ്ഫലങ്ങൾ നേടിയെടുക്കാനാവാത്ത ജനതയാണ് കേരളത്തിന്റെ തീരപ്രദേശത്തുള്ളത്. മുറിവുകളും ദുരിതങ്ങളും അവഗണിച്ച് സവിശേഷമായ ആത്മബലത്താൽ മത്സ്യത്തൊഴിലാളി സമൂഹം 65000 പേരുടെ ജീവൻ രക്ഷിച്ചുവെന്നത് കേരള ത്തിന് ഒരു കാലത്തും വിസ്മരിക്കാനാവില്ല. എന്നാൽ പ്രഖ്യാപിക്കപ്പെടുന്ന ആനുകൂല്യങ്ങൾ കൊണ്ടോ അനുമോദനചടങ്ങുകൾകൊണ്ടോ കേരളത്തിലെ 590 കിലോമീറ്റർ ദൈർഘ്യമുള്ള തീരത്ത് താമസിക്കുന്ന 10 ലക്ഷത്തിലധികം വരുന്ന മത്സ്യത്തൊഴിലാളി സമൂഹത്തിന്റെയും തീരജനതയുടെ വികസനസ്വപ്നങ്ങൾ പൂർത്തീകരിക്കപ്പെടുന്നില്ല.

2002 -ൽ കെആർഎൽസിസി (കേരള റീജ്യൻ ലാറ്റിൻ കാത്തലിക് കൗൺസിൽ) രൂപീകൃത മായ കാലംമുതൽ തീരദേശത്തിന്റെ വികസനം ഒരു പ്രധാന അജണ്ടയായി ഉയർത്തിയിട്ടുണ്ട്. തീരജനതയുടെ വികസനത്തിനും വിമോചനത്തിനുംവേണ്ടി 'കടൽ' (കോസ്റ്റൽ ഏരിയ ഡവ ലപ്മെന്റ് ഏജൻസി ഫോർ ലിബറേഷൻ) കെആർഎൽസിസി രൂപീകരിച്ചിട്ടുണ്ട്. കടലിന്റെ നേതൃത്വത്തിൽ  തീരദേശജനതയുടെ പ്രശ്നങ്ങൾ പഠിക്കുകയും അവരുടെ തൊഴിൽ സംരക്ഷ ണത്തിനും അതിജീവനത്തിനുമായി ഒരു സമഗ്രരേഖ രൂപപ്പെടുത്തുകയും ചെയ്തു. ഈ രേഖ യുടെ പിൻബലത്തിൽ കേരളത്തിന്റെ തീരദേശത്തിന്റെ വികസനത്തിനായി 8000 കോടി രൂപ യുടെ പാക്കേജ് അനുവദിക്കണമെന്ന് കെആർഎൽസിസി നിവേദനത്തിലൂടെ ആവശ്യപ്പെട്ടു. 2010-ൽ അന്നത്തെ പ്രധാനമന്ത്രിയായിരുന്ന ഡോ. മൻമോഹൻസിങ്ങിനെ നമ്മുടെ പ്രതിനിധി സംഘം നേരിൽകാണുകയും നിവേദനം നല്കുകയും ചെയ്തു. സംസ്ഥാനസക്കാരിന്റെ മേലും കെആർഎൽസിസി ഈ പാക്കേജ് നടപ്പാക്കുന്നതിന് ശക്തമായ സമ്മർദ്ദം ചെലുത്തിയിരുന്നു. എന്നാൽ തീരദേശജനതക്ക് എന്തിനാണ് ഇത്രയുംവലിയ പാക്കേജ് എന്നാണ് ഉത്തവാദിത്വപ്പെട്ട പലരും ചോദിച്ചത്.

കടലിൽ പണിയെടുക്കുന്ന മത്സ്യത്തൊഴിലാളികളുടെ ജീവനും അവരുടെ യാനങ്ങൾക്കും വല കൾക്കും വേണ്ടത്ര സുരക്ഷയില്ലെന്ന് കെആർഎൽസിസിയുടെ പാക്കേജിൽ വിശദീകരിച്ചി രുന്നു. 2017 നവംബർ 29-ന് ആഞ്ഞടിച്ച ഓഖി ചുഴലിക്കാന്റെ ഉത്ഭവവും പ്രഭാവവും ഗതിയും മുൻകൂട്ടി അറിയാഞ്ഞതുമൂലം മത്സ്യത്തൊളിലാളികൾക്ക് മുന്നറിയിപ്പ് നല്കാൻ സർക്കാർ സംവിധാനങ്ങൾക്ക് സാധിക്കാതെ പോയി. അതുമൂലം നഷ്ടപ്പെട്ട മുന്നൂറോളം സഹോദരങ്ങ ളുടെ ജീവനും ആയിരക്കണക്കിന് മത്സ്യത്തൊഴിലാളികളുടെ മറ്റു നഷ്ടങ്ങളും ഇപ്പോഴും അപ രിഹാരമായി നില്ക്കുകയാണ്.

ഓഖി ദുരന്തം കഷ്ടതയിലാഴ്ത്തിയ ജനവിഭാഗങ്ങൾക്ക് വ്യക്തിഗതമായും കൂട്ടായും നല്കേണ്ട നഷ്ടപരിഹാരവും പുനരധിവാസവും അക്കമിട്ട് നിരത്തി കേന്ദ്ര സംസ്ഥാനസർക്കാ രുകൾക്ക് മുമ്പിൽ കെആർഎൽസിസി അവതരിപ്പിച്ചു. 3500 കോടി രൂപയുടെ സമാശ്വാസപദ്ധ തികളാണ് നമ്മൾ ആവശ്യപ്പെട്ടത്. ഈയവസരത്തിൽത്തന്നെ ഓഖിദുരിതബാധിതപ്രദേശം സന്ദർശിച്ച പ്രധാനമന്ത്രിക്ക് കേരളസർക്കാർ 7300 കോടി രൂപയുടെ തീരദേശവികസനപാ ക്കേജാണ് സമർപ്പിച്ചത്. കാര്യങ്ങൾ ഇങ്ങനെയൊക്കെയാണെങ്കിലും കേന്ദ്രസംസ്ഥാനസർക്കാ രുകൾ പ്രഖ്യാപിച്ച ആശ്വാസനടപടികൾ, ബഡ്ജറ്റിലൂടെ പ്രഖ്യാപിച്ച പദ്ധതികൾ ഇവ യൊന്നും ജനങ്ങൾക്ക് തൃപ്തികരമാകുന്ന രീതിയിൽ നടപ്പാക്കപ്പെട്ടിട്ടില്ല.

ഓഖിക്കുശേഷം ആഗസ്റ്റ് 15 മുതൽ കേരളം പ്രളയത്തിലാണ് അകപ്പെട്ടത്. അധികമൊന്നും പരിചിതമല്ലാത്ത പ്രകൃതിദുരന്തത്തിലൂടെ കേരളം കടന്നുപോയി. ഗ്രാമമെന്നോ നഗരമെന്നോ ഇടനാടെന്നോ മലനാടെന്നോ വ്യത്യാസമില്ലാതെ പേമാരിയും കാറ്റും നാശം വിതച്ചു. പതിനാ യിരക്കണക്കിന് ആളുകൾ നിരാലംബരായി. ചരിത്രത്തിലാദ്യമായി കേരളത്തിലെ എല്ലാ ഡാമു കളും തുറന്നുവിടേണ്ട സാഹചര്യമുണ്ടായി. കാലാവസ്ഥ വ്യതിയാനവും അതിവർഷവും ഭൂവി നിയോഗത്തിന്റെ അശാസ്ത്രീയതയും ദുരന്തത്തിന്റെ ആഘാതം കൂട്ടി. ഈ സാഹ ചര്യത്തിലാണ് സംസ്ഥാനസർക്കാർ 'നവകേരളം എന്ന ആശയവുമായി മുന്നിട്ടിറങ്ങിയിട്ടുള്ളത്. നവകേരളസൃഷ്ടിയിലും നമ്മൾ  ക്രിയാത്മകമായി സഹകരിക്കണം . 'കരകയറും കേരളം 'എന്ന പേരിൽ 2018 സെപ്റ്റംബർ 8-ാം തീയതി വരാപ്പുഴ ആർച്ചുബിഷപ്സ് ഹൗസിൽ കൂടിയ കോൺക്ലേവിൽ നവകേരളസൃഷ്ടിക്ക് ഉപകരിക്കുന്ന ഒരു പദ്ധതി നാം തയ്യാറാക്കുകയും സർക്കാരിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

കേരളത്തിന്റെ ഈ സാമൂഹികപശ്ചാത്തലത്തിലാണ് ലത്തീൻകത്തോലിക്കർ തങ്ങളുടെ സമുദായദിനം ഡിസംബർ 9-ന് ആചരിക്കുന്നത്. സമുദായദിനാചരണത്തിന്റെ മുഖ്യചർച്ചാവിഷയമായി 'തീരദേശവികസനവും നവകേരളനിർമിതിയും' എന്ന പ്രമേയമാണ് നാം സ്വീകരിച്ചിട്ടുള്ളത്. കേരളത്തിന്റെ നവനിർമ്മാണത്തോടൊപ്പം തീരജനതയുടെ ദുരിതപൂർണമായ ജീവിതസാഹചര്യങ്ങൾ കേന്ദ്ര സംസ്ഥാനസർക്കാരുകളും പൊതുസമൂഹവും മറന്നുപോകരുതെന്ന് നാം ആഗ്രഹിക്കുന്നു.

തീരത്തിന്റെ വികസനത്തിനായി സംസ്ഥാനസർക്കാർ കേന്ദ്രത്തിന് സമർപ്പിച്ചിട്ടുള്ള 7300 കോടി രൂപയുടെ പാക്കേജ് നടപ്പാക്കണം. ഒപ്പം കേന്ദ്രഫിഷറീസ് മന്ത്രാലയം സ്ഥാപിക്കണം. ജനാധിപത്യ ഭരണക്രമത്തെ ശക്തിപ്പെടുത്തുന്ന എക്സിക്യൂട്ടീവ്, ജുഡീഷ്യറി, ലെജിസ്ലേറ്റീവ് തലങ്ങളിൽ എല്ലാ വിഭാഗം ജനങ്ങളുടെ പങ്കാളിത്തം ഭരണഘടനാശില്പികളുടെ സ്വപ്നമാണ്. അധികാരത്തിലുള്ള പങ്കാളിത്തം ലത്തീൻ കത്തോലിക്കർക്ക് ലഭിക്കണമെന്ന് സമുദായദിനാചരണം ഓർമ്മപ്പെടുത്തുന്നു.

ഡിസംബർ 9 ഞായറാഴ്ച, 12 ലത്തീൻ കത്തോലിക്കാരൂപതകളിലെ എല്ലാ ദേവാലയങ്ങളിലും വിശേഷാൽ പ്രാർത്ഥനകളും സമുദായദിനപരിപാടികളും നടത്താൻ സ്നേഹപൂർവം നിർദേശിക്കുന്നു.

1. ദിവ്യബലിക്കുമുമ്പോ പിമ്പോ പതാക ഉയർത്തുക.
2. ദിവ്യബലിയിൽ ലത്തീൻ കത്തോലിക്കാസഭക്കും സമുദായത്തിനുംവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുക.
3. പ്രസംഗമദ്ധ്യേ നമ്മുടെ സഭയെക്കുറിച്ചും സമുദായത്തെക്കുറിച്ചും സമുദായംഗങ്ങളുടെ ദൗത്യത്തെക്കുറിച്ചും വിശ്വാസികളെ പ്രബുദ്ധരാക്കുക.
4. ആ ദിനത്തിലെ സ്ത്രോതകാഴ്ച സമുദായവളർച്ചയ്ക്കുവേണ്ടി പ്രത്യേകം സ്വരൂപിച്ച് രൂപതാ കൂരിയവഴി കെആർഎൽസിസി കേന്ദ്രകാര്യാലയത്തിൽ 2019 ജനുവരി 31 നുമുമ്പായി എത്തിക്കുക.
5. ദിവ്യബലിക്കുശേഷം വിവിധശുശ്രൂഷകൾക്കും സംഘടനകൾക്കും സമിതികൾക്കും നേതൃത്വം നല്കുന്നവർക്കായി ഇടവകതല പഠനക്ലാസ്സുകൾ, സെമിനാറുകൾ എന്നിവ സംഘടിപ്പിക്കുക.

ഈ വർഷം ഡിസംബർ 9-ന് സംസ്ഥാനതലത്തിലുള്ളസമുദായദിനാഘോഷം തിരുവനന്തപുരത്ത് നടക്കുന്നകാര്യം നേരത്തെ പ്രസ്താവിച്ചല്ലോ. രാവിലെ 10 മണിക്ക് ഓൾ സെയിന്റ്സ് കോളെജിൽ പതാക ഉയർത്തലിനുശേഷം മൂന്ന് വിഭാഗങ്ങളിലായി അല്മായ കമ്മീഷൻ, വനിതാകമ്മീഷൻ, യുവജനകമ്മീഷൻ എന്നിവയുടെ നേതൃത്വത്തിൽ മൂന്ന് നേതൃസമ്മേളനങ്ങൾ നടക്കും. നേതൃസമ്മേളനങ്ങളിൽ പങ്കെടുക്കുവാൻ എല്ലാ രൂപതകളിൽനിന്നും ഓരോ വിഭാഗത്തിലും പത്തിൽ കുറയാതെയുള്ള പ്രതിനിധികളെ അയയ്ക്കേണ്ടതാണ്. തിരുവനന്തപുരം അതിരൂപതയിലെ ഓരോ ഫൊറോനയിൽനിന്നും ഓരോ വിഭാഗത്തിലും പത്ത് പ്രതിനിധികളെങ്കിലും പങ്കെടുക്കേണ്ടതാണ്. ഓരോ സെമിനാറിലും പങ്കെടുക്കാനായി നിശ്ചയിക്കപ്പെട്ടിട്ടുള്ള സമുദായ സാമൂഹിക സംഘടനകളിലെ പ്രതിനിധികൾ എല്ലാവരും ഈ സെമിനാറിൽ പങ്കെടുക്കുന്നുവെന്ന് ഈ സംഘടനകളുടെ ഭാരവാഹികൾ ഉറപ്പുവരുത്തേണ്ടതാണ്

ഉച്ചഭക്ഷണത്തിനുശേഷം 2.30ന് ദിവ്യബലി അർപ്പിക്കും. വൈകുന്നേരം 5.00 ന് ശംഖുമുഖം കടപ്പുറത്ത് സമുദായസംഗമം നടക്കും. എല്ലാ ഇടവകകളിൽ നിന്നും പരമാവധി ആൾക്കാർ ഇതിൽ പങ്കെടുക്കാൻ എത്തിച്ചേരേണ്ടതാണ്. ഇടവകവികാരിയും അജപാലനസമിതിയും

(പാരിഷ് പാസ്റ്ററൽ കൗൺസിൽ) ഇതിനു നേതൃത്വം നല്കണം. സമുദായത്തിന്റെ പ്രവർത്തന ങ്ങൾ ശക്തിപ്പെടുന്നത് കെഎൽസിഎ, സിഎസ്എസ്, കെഎൽസിഡബ്ല്യുഎ, ഡിസിഎം എസ്/എൻകെഡിസിഎഫ്, കെസിവൈഎം/എൽസിവൈഎം, കെഎൽഎം, ഭക്തസംഘടന കൾ, അല്മായ ഫോറങ്ങൾ എന്നിവയിലൂടെയാണ്. ഈ സംഘടനകളെ ശക്തിപ്പെടുത്താനും അവയിലൂടെ സാമൂഹ്യനീതി നേടിയെടുക്കാനും ശ്രമിക്കണം. ഇടവകയിലെ എല്ലാ സംഘടന കളും മുഴുവൻ അംഗങ്ങളെയും ഇതിൽ പങ്കെടുപ്പിക്കണം. അതിനാവശ്യമായ ക്രമീകരണങ്ങൾ മുൻകൂട്ടിത്തന്നെ ചെയ്യണം.

ഏറ്റവും അർത്ഥവത്തായ ഒരു സമുദായദിനാഘോഷം നടത്താൻ നമുക്കൊരുമിച്ച് പരിശ്ര മിക്കാം. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ!

സ്നേഹപൂർവ്വം
കേരള ലത്തീൻ കത്തോലിക്കാ മെത്രാൻ സമിതിക്കുവേണ്ടി

† സൂസപാക്യം എം.
കെ.ആർ.എൽ.സി.സി അദ്ധ്യക്ഷൻ
തിരുവനന്തപുരം മെത്രാപ്പോലീത്ത

† അലക്സ് വടക്കുംതല
കണ്ണൂർ മെത്രാൻ

12/11/18

NB: ഈ വിജ്ഞാപനം 2018 ഡിസംബർ 2-ാം തീയതി ഞായറാഴ്ച ദിവ്യബലി മദ്ധ്യേ വായിക്കേണ്ട താണ്.